**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 30/10/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-EXC36/2021/EXCISE</u>**

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ് - കുറ്റവാളികളുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 03.06.2021 തീയതിയിൽ നടന്ന എക്സൈസ് കമ്മീഷണറുടെ സ്പെഷ്യൽസ്ക്വാഡ് അംഗങ്ങളുടേയും സ്റ്റേറ്റ് എക്സൈസ് സ്ക്വാഡ് അംഗങ്ങളുടേയും മീറ്റിംഗിലെ നിർദ്ദേശം.

കേരള എക്സൈസ് വകുപ്പ് കണ്ടെടുത്ത അബ്കാരി /എൻ.ഡി.പി.എസ് കേസ്സുകളിൽ ഉൾപ്പെട്ട് കോടതി ശിക്ഷ വിധിച്ച പ്രതികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഹിസ്റ്ററി ഷീറ്റ് ഓഫ് ഒഫൻഡേഴ്സ് സമ്പ്രദായം എക്സൈസ് വകുപ്പിൽ നിലവിൽ ഇല്ലാത്തതാണ്. ശിക്ഷ കഴിഞ്ഞിറങ്ങുന്ന പ്രതികൾ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് പതിവായി വരുന്ന സാഹചര്യത്തിൽ ഇത്തരക്കാർ ചെയ്യുന്ന കുറ്റകൃത്യങ്ങളുടെ പൂർണ വിവരം രേഖപ്പെടുത്തുന്നതിന് ഇവരുടെ ചരിത്രവും, നടപ്പവസ്ഥയും കാണിക്കുന്ന ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കയാണ് . ഇതിനാൽ കോമ്പൗണ്ട് ചെയ്ത് പോകുന്ന കേസുകൾ ഒഴികെയുള്ള അബ്കാരി കേസുകളിലും എല്ലാ എൻ.ഡി.പി.എസ് കേസ്സുകളിലും കോടതി ശിക്ഷ (പിഴ ഉൾപ്പെടെ) വിധിച്ച പ്രതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന ഫോർമാറ്റിൽ രേഖപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്യുന്ന ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്.

കോമ്പൗണ്ട് ചെയ്ത് പോകുന്ന കേസുകൾ ഒഴികെയുള്ള അബ്കാരി കേസുകളിലും എല്ലാ എൻ.ഡി.പി.എസ് കേസ്സുകളിലും ഉൾപ്പെട്ട് കോടതി ശിക്ഷ വിധിച്ച പ്രതികളുടെ പേര് വിവരങ്ങൾ, മേൽവിലാസം, ഫോൺ നമ്പർ, മുൻപ് താമസിച്ചിരുന്ന മേൽവിലാസങ്ങൾ, തൊഴിൽ, അടുത്ത ബന്ധുക്കളുടെ പേരും വിലാസവും , കുറ്റകൃത്യത്തിന്റെ സ്വഭാവം , പ്രതിയുടെ പ്രവർത്തികൾ മനസ്സിലാക്കുന്നതിനുള്ള വിവരങ്ങൾ, പ്രതി ചെയ്ത കുറ്റത്തിന്റെ വിവരം, മുൻപ് കേസുകൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവയും പ്രതി ചെയ്യുന്ന കുറ്റകൃത്യങ്ങൾക്കെതിരെ ലഭിക്കുന്ന പരാതിയുടെ സംക്ഷിപ്ത വിവരവും പരാതിക്കാരന്റെ പേരും വിലാസവും രേഖപ്പെടുത്തേണ്ടതാണ് . ഓരോരുത്തർക്കും ഓരോ ഹിസ്റ്ററി ഷീറ്റ് നമ്പർ (HS. No.) നൽകുക. ഇങ്ങനെ നമ്പർ

നൽകുന്നത് EXC/ജില്ലയുടെ പേര് ചുരുക്കത്തിൽ /റെയിഞ്ചിന്റെ പേര് /സർക്കിളിന്റെ പേര്/സ്ക്വാഡിന്റെ പേര് ചുരുക്കത്തിൽ / ഹിസ്റ്ററി ഷീറ്റ് നമ്പർ/വർഷം എന്ന തരത്തിലായിരിക്കണം.

(ഉദാ; തിരുവനന്തപുരം റെയിഞ്ചിലെ കേസാണെങ്കിൽ - EXC/TVM/EROTVM/01/2021)

ഇത്തരത്തിൽ തയ്യാറാക്കുന്ന വിവരങ്ങൾ ഭാവിയിൽ കുറ്റാന്വേഷണത്തിനും, കുറ്റകൃത്യങ്ങൾ തടയുന്നതിനും, ലഹരിമരുന്നുകൾക്ക് അടിമപ്പെട്ട കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർക്ക് വിമുക്തി മുഖേന ലഹരിയിൽ നിന്ന് മുക്തി നേടുന്നതിനുള്ള സഹായങ്ങൾ നൽകുന്നതിനും, ഒരു ഓഫീസ് പരിധിയിൽ എത്ര സ്ഥിരം കുറ്റവാളികൾ ഉണ്ടെന്ന് മനസ്സിലാക്കുന്നതിനും, അവരെ നിരീക്ഷിക്കുന്നതിനും അവരെ പറ്റിയുള്ള വിവരങ്ങൾ ആവശ്യമെങ്കിൽ മറ്റ് ഓഫീസ്/ജില്ല/സംസ്ഥാനം എന്നിവിടങ്ങളിലേക്ക് പങ്ക് വയ്ക്കുന്നതിനും സഹായകരമാവുന്നതാണ്.

ഇപ്രകാരം തയ്യാറാക്കുന്ന ഹിസ്റ്ററി ഷീറ്റ് കേന്ദ്രീകൃത സംവിധാനത്തിൽ ഡിജിറ്റലായി സൂക്ഷിക്കുന്നതിനു വേണ്ടി എക്സൈസ് ഹെഡ്ക്വാട്ടേഴ്സിൽ തയ്യാറായി വരുന്ന ഹിസ്റ്ററി ഷീറ്റ് മൊഡ്യൂളിൽ വേണ്ട ക്രമീകരണം ചെയ്യേണ്ടതാണ്.

**S. AANANTHAKRISHNAN IPS**
Signature valid
Digitally signed by Aananthakrishnan S
Date: 2021.10.30 18:16:22 IST
Reason: Approved
**എക്സൈസ് കമ്മീഷണർ**

ഗ്രാഹകൻ

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം,എൻഫോഴ്സ്മെൻറ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ
3. ജോയിൻറ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. ലോ ഓഫീസർ
6. അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ (എല്ലാം)
7. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാം)
8. എക്സൈസ് ഇൻസ്പെക്ടർ (എല്ലാം)
9. അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ (എല്ലാം)
10. ഉത്തരവ് ഫയൽ / കരുതൽ ഫയൽ.

**അടുത്ത ബന്ധുക്കളുടെ വിവരം**

| പേര് | പിതാവിന്റെ / മാതാവിന്റെ പേര് | വയസ്സ്/ വർഷം | വിലാസം |
|---|---|---|---|
| | | | |
| | | | |
| | | | |

**മുൻപ് താമസിച്ചിരുന്ന വിലാസം**

| വീട്ടു പേര് | താലൂക്ക് | വില്ലേജ് | ദേശം |
|---|---|---|---|
| | | | |

**കുറ്റവാളിയുടെ പതിവ് രീതി**

| പതിവായി സന്ദർശിക്കുന്ന സ്ഥലങ്ങൾ | പതിവായി സന്ദർശിക്കുന്ന കടകൾ/സൂപ്പർ മാർക്കറ്റ്/ബാർ തുടങ്ങിയവ | പതിവായി ബന്ധപ്പെടുന്ന വ്യക്തികൾ |
|---|---|---|
| | | |

**കുറ്റവാളിയുടെ സാമൂഹിക വിവരങ്ങൾ**

| | |
|---|---|
| തൊഴിൽ | |
| വിദ്യാഭ്യാസം | |
| ഇ-മെയിൽ | |
| പാസ്പോർട്ട് നമ്പർ | |
| ആധാർ നമ്പർ | |
| ഡ്രൈവിംഗ് ലൈസൻസ് നമ്പർ | |
| വിവാഹിതൻ ആണോ | |
| വിവാഹിതൻ/വിവാഹിത ആണെങ്കിൽ പങ്കാളിയുടെ വിവരം | |

| കുറ്റവാളികളുടെ ഹിസ്റ്ററി ഷീറ്റ് | | കുറ്റവാളിയുടെ ഫോട്ടോ |
|---|---|---|
| ഹിസ്റ്ററി ഷീറ്റ് (HS) നമ്പർ | | |
| പേര്/ഇരട്ടപ്പേര് | | |
| പിതാവിന്റെയും / മാതാവിന്റെയും പേര് | | |
| ലിംഗം | | |
| വയസ്സ്/വർഷം | | |
| വിലാസം | | |
| വില്ലേജ് | | |
| താലൂക്ക് | | |
| ജില്ല | | |

**കുറ്റകൃത്യത്തിന്റെ വിവരം**

| ക്രൈം നമ്പർ | ഓഫീസ് | ജില്ല | വകുപ്പുകൾ | കേസിന്റെ ചുരുക്ക വിവരം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

**ശാരീരിക വിവരങ്ങൾ**

| | |
|---|---|
| ഉയരം (സെന്റീമീറ്ററിൽ) | |
| ശാരീരിക പ്രകൃതി (തടിച്ചത്, മെലിഞ്ഞത്, ഇടത്തരം മുതലായവ) | |
| നിറം | |
| കണ്ണിന്റെ നിറം | |
| മുടിയുടെ നിറം | |
| അംഗ വൈകല്യം ഉണ്ടെങ്കിൽ ആയത് | |
| സംഭാഷണ ശൈലി (സംസാരത്തിൽ വിക്ക്, ചേഷ്ടകൾ, നാക്ക് തിരിയാത്ത രീതി, ഇതര ഭാഷയുമായുള്ള ബന്ധം മുതലായവ) | |
| തിരിച്ചറിയുന്നതിനുള്ള അടയാളങ്ങൾ | 1) |
| | 2) |

## കുറ്റവാളിയുടെ ഫോട്ടോ (തന്നിരിക്കുന്ന രീതിയിൽ)

കുറ്റവാളിയുടെ പേര്:-

| | | |
|---|---|---|
| മുഖത്തിന്റെ മുഴുവനായുള്ള ഫോട്ടോ | | മുഖത്തിന്റെ വലതു ഭാഗത്തിന്റെ ഫോട്ടോ |
| | | |
| മുഖത്തിന്റെ ഇടതു ഭാഗത്തിന്റെ ഫോട്ടോ | | മുഴുവനായുള്ള ഫോട്ടോ |

**രഹസ്യ അന്വേഷണത്തിന് ഉപയോഗ പ്രദമാകുന്ന വിവരങ്ങൾ**

(പരാതികൾ, പരാതിയിൽ പരാമർശിച്ചിരിക്കുന്ന വിവരങ്ങൾ, പരാതിക്കാരന്റെ പേരും, മേൽവിലാസവും, പരാതിയുടെ ഉദ്ദേശം മുതലായവ ചേർക്കുക)